E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (2) 8086/2015 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 17.03.2015

# സർക്കുലർ നമ്പർ 14/2015

വിഷയം : സഹകരണവകുപ്പ് – ആശാൻ വേൾഡ് പ്രൈസ്– സാഹിതീയം ഫെസ്റ്റ് – സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നത് സംബന്ധിച്ച്.

സൂചന : 1. ആശാൻ മെമ്മോറിയൽ അസോസിയേഷൻ ഭാരവാഹികൾ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച അപേക്ഷ.
2. സർക്കാരിൽ നിന്നും ലഭിച്ച 06.03.2015 ലെ 2198/പി.എസ്.1/2015/സഹ. നമ്പർ കത്ത്.

........................

മഹാകവി കുമാരനാശാന്റെ പേരിൽ അന്തർദേശീയ തലത്തിൽ നൽകിവരുന്ന ആശാൻ വേൾഡ് പ്രൈസ് 2015 ഉം, സാഹിതീയം ആഘോഷവും സംഘടിപ്പിച്ചിട്ടുള്ളതായും സ്കൂളുകളിലും, കോളേജുകളിലും, ആർട്സ് ഫെസ്റ്റിവൽ, ആശാന്റെ കവിതയുമായി ബന്ധപ്പെട്ട എണ്ണഛായാ ചിത്രീകരണം, നാടകങ്ങൾ, സെമിനാറുകൾ, ശില്പശാല എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നുവെന്നും ഓരോ മൂന്നു വർഷത്തിലൊരിക്കൽ മഹാകവി കുമാരനാശാന്റെ ജന്മദിനത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ജന്മനാടായ കായിക്കരയിൽവച്ച് സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് ആശാൻ വേൾഡ് പ്രൈസ് നൽകിവരുന്നുവെന്നും ആശാൻ വേൾഡ് പ്രൈസ് അസോസിയേഷൻ അറിയിച്ചിട്ടു ്. 2015 മേയ് 3–ാം തീയതി ആശാന്റെ 143 –ാം ജന്മദിനം ആഘോഷിക്കുന്ന വേളയിൽ, ആഘോഷപരിപാടികൾ നടത്തുന്നതിനായി വളരെയേറ ചിലവുള്ളതിനാൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകണമെന്നുള്ള സൂചന (1) പ്രകാരമുള്ള അപേക്ഷയിൽ ആശാൻ വേൾഡ് പ്രൈസ് 2015 – സാഹിതീയം ഫെസ്റ്റിനു വേ ി പൊതുന്മാ ഫ ിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകാവുന്നതാണെന്ന് സൂചന (3) പ്രകാരം സർക്കാരിൽ നിന്നും നിർദേശം ലഭിച്ച സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ കീഴിൽ വരുന്ന സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും കേരള സഹകരണ നിയമം വകുപ്പ് 56 (2) (ഡി) പ്രകാരം

സ്വരൂപിച്ചിട്ടുള്ള അതാതു സംഘങ്ങളുടെ പൊതുനന്മാ ഫണ്ടിൽ നിന്നും മേൽ ആവശ്യത്തിലേക്ക് സംഭാവന നൽകുന്നതിന് ഇതിനാൽ അനുവാദം നൽകുന്നു.

(ഒപ്പ്)
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
2) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
3) എല്ലാ സഹകരണ സംഘങ്ങൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
4) ആശാൻ മെമ്മോറിയൽ അസോസിയേഷൻ, കായിക്കര, നെടുങ്ങ പി.ഒ. തിരുവനന്തപുരം.
5) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
6) വെബ്സൈറ്റ്.
7) സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)